## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 307** — **24.02.2016 ന് മറുപടിയ്ക്ക്**

## മദ്യവിമുക്ത കേരളം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എൻ .എ.നെല്ലിക്കുന്ന്**<br>**,, എൻ. ഷംസുദ്ദീൻ**<br>**,, പി.കെ.ബഷീർ**<br>**,, വി.എം.ഉമ്മർ മാസ്റ്റർ:** | **ശ്രീ. കെ. ബാബു**<br>**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) പുതിയ മദ്യനയം നടപ്പാക്കി ത്തുടങ്ങിയ ശേഷം മദ്യ വില്പനയിലും, മദ്യപാനവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിലും ഉണ്ടായിട്ടുള്ള മാറ്റം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ; | (ബി) മദ്യത്തിന്റെ ഉപഭോഗം ഘട്ടം ഘട്ടമായി കുറച്ചുകൊണ്ടു വരികയാണ് സർക്കാരിന്റെ പ്രഖ്യാപിത നിലപാട്. പുതിയ മദ്യനയം സർക്കാർ നടപ്പിലാക്കിയതിനുശേഷം വിദേശ മദ്യത്തിന്റെ ഉപഭോഗത്തിൽ കുറവുണ്ടായിട്ടുണ്ട്. 2013-14 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള വിദേശമദ്യത്തിന്റെ വില്പനയുടെ കണക്ക് ചുവടെ ചേർക്കുന്നു. |

**കേയ്സുകളുടെ എണ്ണം (ലക്ഷത്തിൽ)**

| വില്പന (കേയ്സുകളിൽ) | 2013-14 | 2014-15 | 2015-16 (ജനുവരി വരെ) |
|---|---|---|---|
| ഇന്ത്യൻ നിർമ്മിത വിദേശ മദ്യം | 240.67 | 220.58 | 167.77 |
| ബിയർ | 107.96 | 95.59 | 122.04 |

പുതിയ മദ്യനയം നടപ്പാക്കുന്നതിന്റെ ഭാഗമായി ശക്തമായ എൻഫോഴ്സ്മെന്റ് നടപടികളാണ് എക്സൈസ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്. പുതിയ മദ്യനയം നടപ്പാക്കിയശേഷം മുൻവർഷങ്ങളെക്കാൾ അധികം അബ്കാരി കേസുകളാണ് ടി പ്രവർത്തനത്തിലൂടെ കണ്ടെത്തിയിട്ടുള്ളത്. 2013 മുതൽ 2015 വരെയുള്ള വർഷങ്ങളിൽ

രജിസ്റ്റർ ചെയ്തിട്ടുള്ള അബ്കാരി കേസുകളുടെ കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | അബ്കാരി കേസുകളുടെ എണ്ണം | അറസ്റ്റുചെയ്യപ്പെട്ട പ്രതികളുടെ എണ്ണം |
|---|---|---|
| 2013 | 12 ,933 | 12 ,641 |
| 2014 | 13676 | 13 ,127 |
| 2015 | 15, 973 | 15, 092 |

എഫ്.എൽ-3 ലൈസൻസുകൾ നിർത്തലാക്കിയതും ബിവറേജസ് കോർപ്പറേഷന്റെ 78 എഫ്.എൽ-1 വിദേശ മദ്യ ഔട്ട് ലെറ്റുകൾ നിർത്തലാക്കിയതും അനധികൃത മദ്യ വില്പന വർദ്ധിക്കുവാൻ ഇടയാക്കും എന്നതിനാൽ എക്സൈസ് വകുപ്പ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് ഉൾപ്പെടെയുള്ള തീവ്ര എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഫലമായി അബ്കാരി കുറ്റകൃത്യങ്ങൾ ഫലപ്രദമായി അമർച്ച ചെയ്യുന്നതിനും കൂടുതൽ നിയമ ലംഘകരെ നിയമത്തിനു മുമ്പിലേക്ക് കൊണ്ടുവരുന്നതിനും സാധിച്ചിട്ടുണ്ട്.

(സി) ഇതുമായി ബന്ധപ്പെട്ട് ബിവറേജസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകൾ ഘട്ടം ഘട്ടമായി അടച്ചു പൂട്ടുന്ന നടപടി ഉണ്ടാക്കിയ പ്രതികരണം വിലയിരുത്തിയിട്ടുണ്ടോ;

(സി) മദ്യത്തിന്റെ ഉപഭോഗം ഘട്ടംഘട്ടമായി കുറച്ചു കൊണ്ടുവരികയാണ് സർക്കാരിന്റെ പ്രഖ്യാപിത നിലപാട്. പുതിയ മദ്യനയത്തിന്റെ ഭാഗമായി ബിവറേജസ് കോർപ്പറേഷൻ/ കൺസ്യൂമർഫെഡ് എന്നിവയുടെ 78 എഫ്.എൽ-1 വിദേശമദ്യ ഔട്ട് ലെറ്റുകൾ നിർത്തലാക്കിയിട്ടുള്ളതാണ് മദ്യത്തിന്റെ ഉപഭോഗം കുറച്ചുകൊണ്ടുവരിക എന്ന സർക്കാരിന്റെ പ്രഖ്യാപിത നിലപാട് സാധൂകരിക്കുന്ന രീതിയിൽ മദ്യത്തിന്റെ ഉപഭോഗം കുറഞ്ഞതായി കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള വിദേശമദ്യ വില്പനയുടെ കണക്കുകൾ സൂചിപ്പിക്കുന്നു.

വിദേശമദ്യവില്പനയിൽ 2013-14 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2014-15 ൽ 20.09 ലക്ഷം കെയ്സുകളുടെ കുറവാണ് കെ.എസ്.ബി.സി വഴിയുള്ള മദ്യവില്പനയിൽ ഉണ്ടായിട്ടുള്ളത്. 2015-16 ൽ ഏപ്രിൽ മുതൽ ജനുവരി വരെയുള്ള വില്പന 167.77 ലക്ഷം കെയ്സ് മാത്രമാണ്. 2015-16 സാമ്പത്തിക വർഷത്തിൽ 2014-15 നെ അപേക്ഷിച്ച് മദ്യവില്പനയിൽ കുറവുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആയതിനാൽ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിന് അനുസൃതമായി മദ്യവില്പനയിലും ഉപഭോഗത്തിലും കുറവു വരുന്ന പ്രവണതയാണ് കണ്ടു വരുന്നത്.

| | |
|---|---|
| (ഡി) മദ്യവിമുക്ത കേരളമെന്ന ലക്ഷ്യം നേടാൻ ഇതോടൊപ്പം എല്ലാതലത്തിലും ബോധ വത്ക്കരണ നടപടികൾ ഊർജ്ജിതമാക്കുമോ? | (ഡി) ലഹരി വസ്തുക്കൾ മൂലമുള്ള ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ ബോധവത്ക്കരണം നടത്തുന്നതിനും "മദ്യവിമുക്തകേരളം" എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുമായി ഊർജ്ജിതമായ ബോധ വത്ക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാനതലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നത്. ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ പ്രചരണാർത്ഥം ലഹരിവിരുദ്ധ സെമിനാറുകൾ, ലഹരിവിരുദ്ധ ബോധവത്ക്കരണ ക്ലാസ്സുകൾ, ലഹരിവിരുദ്ധ ബോധ വത്ക്കരണ സ്റ്റാളുകൾ, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസ മത്സരം, പ്രസംഗ മത്സരം, ഡോക്യുമെന്ററി പ്രദർശനം, ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ക്വിസ് പ്രോഗ്രാം, സ്കൂൾ-കോളേജ്തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴിയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ, ആദിവാസി-പിന്നോക്ക മേഖലകളിലെ പ്രത്യേക പദ്ധതി പ്രകാരമുള്ള ബോധവത്ക്കരണ പരിപാടികൾ, കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റുകളിലും, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ സി.സി.ടി.വി. വഴിയുള്ള ബോധവത്ക്കരണം, റെയിൽവേ സ്റ്റേഷനുകളിലെ ബോധവത്ക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവത്ക്കരണം, സംസ്ഥാന തലത്തിൽ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനായി എക്സൈസ് ഉദ്യോഗസ്ഥർക്ക് ബോധവത്ക്കരണ പരിശീലന ക്ലാസ്സ് തുടങ്ങി വിവിധ പരിപാടികളാണ് ഇതിനോടനുബന്ധിച്ച് എക്സൈസ് വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. കെ.എസ്.ബി.സി.യുടെ സാമൂഹ്യപ്രതിബദ്ധതാ ഫണ്ട് ഉപയോഗിച്ച് ലഹരിയ്ക്കടിമപ്പെട്ടവരെ ചികിത്സിക്കുന്നതിനായി ലഹരിവിമുക്ത ചികിത്സാകേന്ദ്രങ്ങൾക്ക് ധനസഹായം നൽകിവരുന്നുണ്ട്. കൂടാതെ പുനർജനി-2030 നോടനുബന്ധിച്ച് 'സുബോധം' എന്ന പേരിൽ പ്രത്യേക ബോധവത്ക്കരണ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. മദ്യവും മറ്റ് ലഹരി വസ്തുക്കളും ഉപയോഗിക്കുന്നത് മൂലമുണ്ടാകുന്ന ആരോഗ്യ-പ്രശ്നങ്ങൾ, സാമ്പത്തിക നഷ്ടം എന്ന വിഷയത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവിയായിരുന്ന ഡോ.കെ.വിജയകുമാറിന്റെ നേതൃത്വത്തിൽ പഠനം പൂർത്തിയാക്കി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**